അങ്ങനെ കയറ്റി അയയ്ക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പൂർണ്ണമായിട്ടും സംസ്ഥാന ഗവൺമെന്റ് അവർക്ക് പരിഹരിച്ചു നൽകുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അതനുസരിച്ചുള്ള നടപടികൾ ഇവർ സ്വീകരിച്ചു വരികയാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ 80 ബാരൽ ലാറ്റക്സ് ഇതിനകം കയറ്റി അയച്ചിട്ടുണ്ട്. കൂടുതൽ ലാറ്റക്സ് കയറ്റി അയയ്ക്കാനായിട്ടുള്ള നടപടികൾ അവർ സ്വീകരിച്ചു വരികയാണ്. ഇതാണ് ലാറ്റക്സിന്റെ കയറ്റുമതിയെ സംബന്ധിച്ച് ഗവൺമെന്റിന് അറിയിക്കാനുള്ളത്. മറ്റൊരു കാര്യം ചൈനയിലേയ്ക്ക് 3000 ടൺ റബ്ബർ കയറ്റി അയയ്ക്കുന്നതിനു വേണ്ടിയിട്ട് ഒരു ഓഫർ ലഭിച്ചിരുന്നു. മാർക്കറ്റിംഗ് ഫെഡറേഷനാണ് ആ ഓഫർ ലഭിച്ചത്. ഗവൺമെന്റിനെ അറിയിച്ച ഉടനെ തന്നെ ഈ 3000 ടൺ റബ്ബർ ചൈനയിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് മാർക്കറ്റിംഗ് ഫെഡറേഷന് അനുമതി കൊടുത്തിരുന്നു. പക്ഷേ അതിനുള്ള നടപടികൾ അവർ സ്വീകരിച്ചു കാണുന്നില്ല. ഇതാണ് ഗവൺമെന്റിന് അറിയിക്കാനുള്ളത്. പരമാവധി റബ്ബർ ശേഖരിക്കുന്നതിനും സംരക്ഷിച്ചു വയ്ക്കുന്നതിനും റബ്ബറിന്റെ വില ഉയർത്തുന്നതിനും ആവശ്യമായ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ താൽക്കാലികമായി സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധിച്ചിട്ടുണ്ട്. അത് തുടരണമെന്ന് ഗവൺമെന്റ് വീണ്ടും വീണ്ടും കേന്ദ്രഗവൺമെന്റിനോട് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

(11) പേഴയ്ക്കാപ്പിള്ളി ബസ്സപകടം

ശ്രീ. ജോണി നെല്ലൂർ : സർ, ഒരു പ്രദേശത്തെ മുഴുവൻ വേദനയിലാഴ്ത്തിയ ദാരുണമായ ഒരു ബസ്സ് അപകടത്തെക്കുറിച്ചാണ് ഞാൻ ഇവിടെ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഇന്നലെ പുലർച്ചെ മൂവാറ്റുപുഴ പട്ടണത്തിനടുത്ത് പേഴയ്ക്കാപ്പിള്ളി എന്ന സ്ഥലത്ത് പാലക്കാടു നിന്ന് തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് നടത്തിവന്ന ഒരു സൂപ്പർ ഫാസ്റ്റ് ബസ്സ് മീൻ കച്ചവടം നടത്തി വന്നിരുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഇടയിലേയ്ക്ക് പാഞ്ഞുകയറി മൂന്നു തൊഴിലാളികൾ ദാരുണമായി ആ സംഭവസ്ഥലത്തു വച്ചുതന്നെ മരിക്കുകയുണ്ടായി. നാലുപേർ ആശുപത്രിയിലുണ്ട്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന നാലുപേരിൽ മൂന്നുപേരുടെ നില അതീവ ഗുരുതരമായി തുടരുകയാണ്. ഈ സംഭവം അറിഞ്ഞ ഉടൻ തന്നെ ഞാനും എന്റെ സഹപ്രവർത്തകൻ ശ്രീ. എം.പി. വർഗ്ഗീസും ഇന്നലെ ഇവിടെ നിന്ന് നേരിട്ടു പോയി ആ സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെ ചെന്നപ്പോൾ അക്ഷരാർത്ഥത്തിൽ മരവിച്ചു നിൽക്കുന്ന ഒരു മനുഷ്യ സമൂഹത്തെയാണ് ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത്. അവിടെ അവരെ ആശ്വസിപ്പിക്കാൻ വാക്കുകൾ പോലും കിട്ടാതെ ഞങ്ങൾ വിഷമിച്ചു. മരണമടഞ്ഞ മൂന്ന് ആളുകൾ എളവുംകുടിയിൽ അലിയാരും കുന്നത്തുനാട് നവാസും, കൊച്ചുകോണിക്കൽ അസീസും ചെറുപ്പക്കാരായ മീൻ കച്ചവടക്കാരാണ്. സൈക്കിളിൽ മീൻ കൊണ്ടുപോയി വീടുകളിൽ വിറ്റ് അതിൽ നിന്ന് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് കുടുംബം പുലർത്തിപ്പോന്ന കുടുംബാംഗങ്ങൾ. പരിക്കുപറ്റി കഴിയുന്നവരും ഇതുപോലെ തൊഴിലാളികളാണ്. അവിടെ ദാരുണമായ ഈ ബസ്സ് അപകടം ഉണ്ടായിട്ട് ബസ്സിന്റെ ഡ്രൈവറെ കസ്റ്റഡിയിലെടുത്തു, റിമാന്റ് ചെയ്തു എന്നുള്ളതൊക്കെ ശരിയാണ്. എങ്കിൽപ്പോലും അവരുടെ കുടുംബങ്ങളെ സഹായിക്കാൻ കാര്യമായിട്ടൊന്നും ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി. യുടെ ആളുകൾ 2000 രൂപവച്ച് അടിയന്തിരമായി സഹായം കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് ശരിയാണെങ്കിൽപ്പോലും എല്ലാം തകർന്ന ആ കുടുംബങ്ങളെ സംരക്ഷിക്കാനുള്ള ചുമതല ഗവൺമെന്റ് ഏറ്റെടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മരണമടഞ്ഞ ആളുകളുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപാവച്ചെങ്കിലും ധനസഹായം നഷ്ടപരിഹാരമായി കൊടുക്കണം. പരിക്കു പറ്റിയവർക്ക് ചികിൽസയ്ക്കുവേണ്ടി 25,000 രൂപാവച്ച് കൊടുക്കണം. പരിക്കു പറ്റിയ ആൾക്ക് ഇന്നലെ 12,000 രൂപയുടെ ഇഞ്ചക്ഷൻ എടുത്തു, ഞങ്ങൾ അവിടെ പോയി കണ്ടു. അവർക്ക് ചികിൽസിക്കുവാനുള്ള സഹായമെങ്കിലും കോർപ്പറേഷനെ കൊണ്ട് കൊടുപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[11 a.m] വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരത്തോടും ഞാൻ യോജിക്കുകയാണ്. കേരളത്തിൽ ഇടയ്ക്കിടയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന റോഡ് അപകടങ്ങൾ നമ്മുടെ മനസാക്ഷിയെത്തന്നെ ഞെട്ടിപ്പിക്കുന്നതാണ്. ചില അപകടങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും ഉൾപ്പെടുന്നു എന്നുള്ളത് വസ്തുതയാണ്. പാലക്കാട്-തിരുവനന്തപുരം സൂപ്പർഫാസ്റ്റ് ബസ് നമ്പർ ടി.എസ്. 225 അതുവഴി വളരെ വേഗതയിലല്ല വന്നത്. വരുന്ന സമയത്ത് അവിടെ മീൻ കച്ചവടം നടത്തിക്കൊണ്ടിരുന്ന ഒരു തൊഴിലാളി റോഡ് ക്രോസ് ചെയ്യാൻവേണ്ടി കൈകാണിച്ചു ചാടുകയുണ്ടായി. അപ്പോൾ സഡൻ ബ്രേക്ക് ഇട്ട് ആ തൊഴിലാളിയെ രക്ഷിക്കാൻ നടത്തിയ ശ്രമത്തിനിടയിൽ ആണ് ബസ്സ് വഴി തെറ്റിയത്. ഏതായാലും അത് കൂടുതൽ അപകടത്തിലേയ്ക്കു നയിച്ചു എന്നുള്ളതാണ് ദാരുണമായ കാര്യം. അങ്ങനെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ പെരുമ്പാവൂരിനും മൂവാറ്റുപുഴയ്ക്കും ഇടയ്ക്കു പേഴയ്ക്കാപ്പിള്ളി എന്ന സ്ഥലത്ത് ബസ്സ് നിയന്ത്രണം വിട്ടതിന്റെ ഫലമായി മത്സ്യച്ചന്തയിൽ ഉണ്ടായിരുന്ന മൂന്നുപേർ മരണമടയുകയുണ്ടായി. നാലുപേർക്ക് പരിക്ക് ഏൽക്കുകയുണ്ടായി. ഈ ബസ്സിലെ ഡ്രൈവറെ താൽക്കാലികമായി ജോലിയിൽനിന്നും മാറ്റി നിർത്തിയിരിക്കുകയാണ്. പേഴയ്ക്കാപ്പിള്ളി എളവും കൂടിയിൽ അലിയാർ, കൊച്ചുകോണിക്കൽ അസീസ്, കുന്നത്തുനാട് നവാസ് എന്നിവരാണ് മരണമടഞ്ഞത്. അനസ് മൂവാറ്റുപുഴ ആശുപത്രിയിലും സുധീർ, നസീർ, സുലൈമാൻ എന്നിവരെ കോലഞ്ചേരി ആശുപത്രിയിലും പരിക്കേറ്റ നിലയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. യെ പ്രതിനിധീകരിച്ച് മൂവാറ്റുപുഴ ഡി.ടി.ഒ. ശ്രീ. ഉമ്മർകുട്ടിയും, ആലുവ വർക്സ് മാനേജർ ശ്രീ. ഷൺമുഖവും സംഭവസ്ഥലവും ആശുപത്രിയും അവരുടെ ഭവനങ്ങളും സന്ദർശിക്കുകയും ആശ്വാസനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശ്വാസപ്രവർത്തനങ്ങളിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ജോണി നെല്ലൂരും, എം.പി. വർഗ്ഗീസും പരമാവധി സഹകരിച്ചിട്ടുണ്ട്. ഇതിനകംതന്നെ മരിച്ചവരുടെ ബന്ധുക്കൾക്ക് കെ.എസ്.ആർ.ടി.സി. യിൽ നിന്ന് ആയിരം രൂപ സഹായധനമായി നൽകിയിട്ടുണ്ട്. പരിക്ക് പറ്റിയവർക്ക് 2000 രൂപ വരെ സഹായമായി നൽയിട്ടുണ്ട്. പരിക്ക് പറ്റിയവരുടെ ചികിൽസയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എറണാകുളം ജില്ലാകളക്ടറിൽ നിന്ന് എനിക്കു ലഭിച്ച ഫോൺ സന്ദേശമനുസരിച്ച് ആയിരം രൂപ കളക്ടറുടെ ഫണ്ടിൽനിന്ന് നൽകിയിട്ടുണ്ടെന്ന് അറിഞ്ഞു. ആക്സിഡന്റിൽപ്പെട്ട ഈ വണ്ടി ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള വണ്ടിയാണ്. ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം കിട്ടും. ഇവർക്ക് സഹായം നൽകണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം വളരെ ഗൗരവമായി ഗവൺമെന്റ് പരിഗണി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തുകഴിഞ്ഞു. നാളെ കൂടുന്ന മന്ത്രിസഭാ യോഗത്തിൽ വച്ച് ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊള്ളും.

V. ക്രമപ്രശ്നം

ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ.സി. വേണുഗോപാൽ : സർ, അങ്ങേക്ക് .....

മി. സ്പീക്കർ : അങ്ങ് എഴുതിത്തന്നതിന്റെ മറുപടി ലഭിച്ചിട്ടില്ല.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഇന്നാണ് ഞാൻ പ്രസംഗിക്കുന്നത്, ഇത് ഇന്നലെയും ഇന്നുമായി പ്രസംഗിക്കുന്ന അംഗങ്ങൾക്കെല്ലാം ബാധകമായ കാര്യമാണ്.

മി. സ്പീക്കർ : മറുപടി ലഭിക്കാതെ എങ്ങനെയാണ് പറയുക.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, നമ്മുടെ നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കാനുള്ള അവകാശം അംഗങ്ങൾക്കുള്ളതാണ്. ചോദ്യങ്ങൾ വെട്ടിച്ചുരുക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണമായി പറഞ്ഞത്, യഥാസമയം ഉത്തരം ലഭിക്കാൻവേണ്ടിയുള്ള ഒരു സൗകര്യത്തിനുവേണ്ടിയാണെന്നാണ്. സർ, ഇന്നലെ പൊതുഭരണവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയായിരുന്നു. ഇന്ന് ആഭ്യന്തര വകുപ്പിന്റെ ചർച്ചയാണ്. ഈ രണ്ടു ചർച്ചകളിലും ആവശ്യമായ വിവരം കിട്ടുന്നതിനു വേണ്ടിയിട്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ ചോദ്യം ചോദിക്കുന്നത്. എത്ര ചോദ്യത്തിന് ഉത്തരം കിട്ടിയെന്ന് അങ്ങേയ്ക്കറിയാമോ, ആഭ്യന്തര വകുപ്പിന്റെയും പൊതുഭരണ വകുപ്പിന്റെയും പ്രധാനപ്പെട്ട ഒരു ചോദ്യത്തിനും ഉത്തരം കിട്ടിയില്ല. ഒരു നിർഭാഗ്യകരമായ കാര്യം ഇതേ ചോദ്യം ഉൾക്കൊള്ളുന്ന ഒരു സബ്മിഷൻ ഇന്നലെ വന്നു, സബ്മിഷന് മുഖ്യമന്ത്രി മറുപടി പറഞ്ഞു, അപ്പോൾ ഗവൺമെന്റിന് വിവരം കിട്ടാത്തതുകൊണ്ടല്ല. ഇത് മനഃപൂർവ്വമായി അംഗങ്ങൾക്ക് വിവരം നൽകുന്നതിൽനിന്ന് ഒഴിഞ്ഞുമാറുന്ന ഒരു സമീപനമാണ്. ഇത് അംഗങ്ങൾക്കുള്ള അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. അങ്ങ് ഈ കാര്യത്തിൽ ശക്തമായി റൂളിംഗ് നൽകണം.

മി. സ്പീക്കർ : ശ്രീ.കെ.സി. വേണുഗോപാൽ നൽകിയ കത്ത് ഞാൻ മുഖ്യമന്ത്രിയുടെ പരിശോധനയ്ക്കുവേണ്ടി അയച്ചുകൊടുത്തു. അവിടെനിന്ന് ഔദ്യോഗികമായിട്ട് അതിനുള്ള മറുപടി കിട്ടിയില്ലായെങ്കിലും അവിടെനിന്ന് അറിയിച്ചത് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അതൊക്കെ ഒപ്പിട്ടുപോയി, പക്ഷെ ഡിപ്പാർട്ടുമെന്റിൽനിന്ന് ഇവിടെ എത്താൻ താമസിച്ചു എന്നാണ്. പക്ഷെ ഔദ്യോഗികമായിട്ടുതന്നെ ഞാൻ ആ കാര്യങ്ങൾ ശേഖരിച്ച് സഭയെ അറിയിക്കുന്നതാണ്.

ബഹളം ..... പക്ഷെ ഒരു കാര്യംകൂടി ചെയർ പറഞ്ഞുകൊള്ളട്ടെ,

ശ്രീ. ടി.എം. ജേക്കബ് : സർ, ഇന്നലെ ഞാൻ അങ്ങയുടെ ചേംബറിൽവന്ന് ഈ കാര്യം പറഞ്ഞു, സാർ ഇതിനകത്തുള്ളത്, ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് പറഞ്ഞിരിക്കുന്നത്, അങ്ങ് തന്നെ പറഞ്ഞതാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ഒപ്പിട്ടു. ഇത് ഒപ്പിട്ടു കഴിഞ്ഞാൽ പിന്നെ വരുന്നത് ലെജിസ്ലേച്ചറിലേയ്ക്കാണ്. അപ്പോൾ അതിന്റെ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly